**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/08/2026

1. കാർഷിക വികസന ക്ഷേമ വകുപ്പും നബാഡും സംയുക്തമായി കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് കൈത്താങ്ങായി AIF സംസ്ഥാനതല കോൺക്ലേവ് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 10 ന് കോഴിക്കോട് കോവൂർ പി.കൃഷ്ണപിള്ള മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് കോൺക്ലേവ് ഉൽഘാടനം ചെയ്യുന്നു. കാർഷിക മേഖലയെ മൂല്യവർദ്ധിതവും വരുമാനവർദ്ധനവുമുള്ള സംരംഭ മേഖലയാക്കി മാറ്റുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (Agriculture Infrastructure Fund – AIF) പദ്ധതിയെക്കുറിച്ച് കർഷകർക്കും സംരംഭകർക്കും

ബാങ്കിംഗ് സ്ഥാപനങ്ങൾക്കും കൂടുതൽ അവബോധം നൽകുന്നതിനായിട്ടാണ് കൃഷിവകുപ്പ് സ്ഥാനതല AIF കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കാർഷിക വികസനത്തിനായി പുതിയ നിക്ഷേപ സാധ്യതകൾ, വിളവെടുപ്പിന് ശേഷമുള്ള സംഭരണം, ഗ്രേഡിംഗ്, പാക്കിംഗ്, കോൾഡ് സ്റ്റോറേജ്, പ്രാഥമിക സംസ്കരണം, ഫുഡ് പ്രോസസ്സിംഗ്, അഗ്രി-ലോജിസ്റ്റിക്സ് തുടങ്ങി കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾക്ക് AIF വഴി ആകർഷകമായ വായ്പയും പലിശ സബ്സിഡിയും ലഭ്യമാക്കുന്നു. കർഷകർ, കാർഷിക/ കൃഷി സംരംഭകർ, എഫ്.പി.ഒ (FPO) കൾ, കാർഷിക ഇൻപുട്ട് ഡീലർമാർ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, SHGകൾ, കാർഷിക ധനസഹായം/ സർക്കാർ പദ്ധതികൾ തേടുന്നവർ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9188014503, 8943387552 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 10, 11 തീയതികളിൽ ക്ഷീര സഹകരണ സംഘം ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ

താല്പര്യമുള്ള ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾ 10–ആം തീയതി രാവിലെ 10 മണിക്ക് തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേര പദ്ധതിയുടെ ഭാഗമായി "റബ്ബർ പുനരുജ്ജീവനം" എന്ന വിഷയത്തിൽ കർഷകർക്കായി സൗജന്യ ശാസ്ത്രീയ പരിശീലനം സംഘടിപ്പിക്കുന്നു. പഴയ മരങ്ങൾ വെട്ടിമാറ്റി ഉയർന്ന ഉൽപ്പാദന ക്ഷമതയും കാലാവസ്ഥ അധിജീവനക്ഷമതയുമുള്ള പുതിയ തൈകൾ നടുന്നതിന് പരമാവധി രണ്ട് ഹെക്ടറിന് 75000/– രൂപ വരെ റബ്ബർ പുനർനടീലിന് ധനസഹായം നൽകുന്നു. പോളി ഹൗസ്, കാലാവസ്ഥ സംരക്ഷണ ഷെഡ്, ഫെർട്ടിഗേഷൻ, സ്പ്രിംഗ്ലർ ജലസേചനം തുടങ്ങിയവയ്ക്ക് അംഗീകൃത നഴ്സറികൾക്ക് ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 % സബ്സിഡി നിരക്കിൽ പരമാവധി 6 ലക്ഷം വരെ ധനസഹായം നൽകുന്നു. വ്യക്തിഗത കർഷകർക്ക് രണ്ട് ഹെക്ടറിന് 150000 രൂപവരെ ധനസഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188301359 /

9037824036/ 9037824049/ 9037824086 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4. പൂക്കളെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി സംരംഭകത്വത്തിനും അധിക വരുമാനത്തിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ **ആഗസ്റ്റ് 10, 11** തീയതികളിൽ തിരുവനന്തപുരം വെള്ളായണിയിലെ കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന K-AgTech LaunchPad- ൽ ദ്വിദിന പരിശീലനം സങ്കടിപ്പിക്കുന്നു. പരിശീലനത്തിൽ പുതിയ പൂക്കൾ ഉപയോഗിച്ചുള്ള ഫ്ലോറൽ ഡിസൈൻ, ഫ്ലവർ അറേഞ്ച്മെന്റുകൾ, ബൊക്കെ നിർമാണം, പൊതിയൽ സാങ്കേതികവിദ്യകൾ, ഉണങ്ങിയ പൂക്കൾ തയ്യാറാക്കുന്ന വിവിധ രീതികൾ, ഡ്രൈ ഫ്ലവർ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, മൂല്യവർധിത ഉത്പന്നങ്ങളുടെ സാധ്യതകളും ഉപയോഗങ്ങളും എന്നിവയിൽ പരിശീലനം നൽകും. താൽപര്യമുള്ള യുവാക്കൾക്കും സ്ത്രീകൾക്കും കർഷകർക്കും സംരംഭകർക്കും പരിശീലനം പ്രയോജനപ്പെടുത്താം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ വെച്ച് 20.08.2026 തീയതിയിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയത്ത് 19.08.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക.

6. 2026–27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

a) കുരുമുളക്, കൊക്കോ, മാവ്, ജാതി, കശുമാവ് മുതലായ വിളകളുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം:– ഉത്പാദനക്ഷമത കുറഞ്ഞതും പ്രായമേറിയതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ

24,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിന് ധനസഹായം ലഭിക്കും.

b) ജൈവകൃഷി:– 30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/– രൂപ ധനസഹായം നൽകുന്നു.

ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

7 കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കുവപ്പടി കൃഷിഭവന്റെ നേതൃത്വത്തിൽ മികച്ച കർഷകരെ ആദരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. നെൽകർഷകൻ / കർഷക, സമ്മിശ്ര കൃഷി കർഷകൻ /കർഷക, വനിതാ കർഷക, എസ് സി/എസ് ടി കർഷകൻ / കർ ഷക, ജൈവ കർഷകൻ/ കർഷക, യുവകർഷകൻ/ കർഷക, മുതിർന്നകർഷകൻ/കർഷക (70 വയസ്സിനു മുകളിൽ) കർഷക തൊഴിലാളി. സ്കൂൾവിദ്യാർഥി കർഷകൻ / കർഷക, തേനീച്ച കർഷകൻ / കർഷക, പാട്ടക്കൃഷി ചെയ്യുന്ന കർഷകൻ / കർഷക, ക്ഷീരകർഷ കൻ / കർഷക എന്നീ വിഭാഗങ്ങളിൽ ആദരിക്കും. വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, 2 പാസ് പോർട്ട് സൈസ് ഫോട്ടോ, വാർഡ് അംഗത്തിന്റെ ശുപാർശക്കത്ത്

എന്നിവ സഹിതം ആഗസ്റ്റ് 10ന് ഉച്ചയ്ക്ക് 12 നകം കുവപ്പടി കൃഷി ഭവനിൽ സമർപ്പിക്കണം.